# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *76

28.09.2016-ലെ മറുപടിക്ക്

## ഭവനരഹിതരായ പട്ടികജാതിക്കാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.എം.എം. മണി<br>ശ്രീ.പി. ഉണ്ണി<br>ശ്രീ.ഡി.കെ. മുരളി** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (എ) | ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന 7500 ഉം ഗ്രാമവികസന വകുപ്പ് മുഖേന ഐഎവൈ ഇനത്തിൽ 9668 ഉം വീടുകൾ 2016-17 -ൽ അനുവദിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണത്തിനായി 7,000 പേർക്ക് 50,000 രൂപ പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച വീടുകളിൽ പണി പൂർത്തിയാകാത്തതും പണി ആരംഭിക്കാത്തതുമായ വീടുകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വീടുകളുടെ പണി പൂർത്തിയാക്കാൻ എന്ത് നടപടിയുണ്ടാകുമെന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്.<br>മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചതിൽ 11,070 വീടുകൾ പൂർത്തിയാകാതെ കിടക്കുകയാണ്. 1767 എണ്ണം ഒന്നാം ഗഡു കൈപ്പറ്റിയിട്ട് പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തവയാണ്.<br>കൈപ്പറ്റിയ ധനസഹായ ഗഡുക്കൾ ഉപയോഗിച്ച് നിർദ്ദിഷ്ട സ്റ്റേജ് വരെയുള്ള പ്രവൃത്തി പൂർത്തിയാക്കുന്നവർക്ക് ബാക്കി തുക ഇപ്പോഴത്തെ നിരക്കിൽ അനുവദിച്ച് വീടുകളുടെ പണി പൂർത്തീകരിക്കുന്നതാണ്. |
| (സി) | വീട് വയ്ക്കുവാനായി സ്ഥലം വാങ്ങുന്നതിന് ഈ വർഷം എത്ര പേർക്ക് സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ? | (സി) | ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിന് ഈ വർഷം 4438 പേർക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ